**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 442** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതു കടവും ആളോഹരി കടവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം വിവിധ വായ്പാ ഇനങ്ങളിലായി പ്രതിമാസം എത്ര തുകയാണ് പലിശയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത തുക മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം വിവിധ വായ്പായിനങ്ങളിലായി പലിശയിനത്തിൽ 15805.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പ്രകാരം ശരാശരി ഒരു മാസം 1317.09 കോടി രൂപയാണ് ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നത്. പ്രസ്തുത തുക മൊത്തം റവന്യൂ വരുമാനമായ 116640.24 കോടി രൂപയുടെ 1.13 ശതമാനമാണ്. |
| (ബി) | സംസ്ഥാനത്തിന്റെ പൊതു കടം, ആളോഹരി കടം എന്നിവ നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതു കടം 219974.55 കോടി രൂപയും ഇതനുസരിച്ചുള്ള ആളോഹരി കടം 62822.95 രൂപയുമാണ്. |
| (സി) | 2016 മാർച്ച് 31 -ന് സംസ്ഥാനത്തിന്റെ പൊതു കടം, ആളോഹരി കടം എന്നിവ എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | 2016 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ പൊതു കടം 109730.97 കോടി രൂപയും ഇതനുസരിച്ചുള്ള ആളോഹരി കടം 32129.23 രൂപയുമായിരുന്നു. |

സെക്ഷൻ ഓഫീസർ